# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമില്ലാത്ത ചോദ്യം നം. 1827 — 05/10/2016-ലെ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | ഉത്തരം<br>ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമ ത്തിനായി സർക്കാർ പട്ടികജാതി വകുപ്പിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദ മാക്കാമോ ; | (എ) | അനുബന്ധമായി ചേർക്കുന്നു |
| (ബി) | പട്ടികജാതി വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് നടത്തി വരുന്ന സ്വയംപര്യാപ്ത ഗ്രാമം പദ്ധതി 2016-17 വർഷം മുതൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയായി നടപ്പിലാക്കുന്നത് പ്രകാരം ഓരോ നിയമസഭാ മണ്ഡലത്തിൽ നിന്നും നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളുടെ വിവരം ശേഖരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം

1. സ്വയം തൊഴിൽ വായ്പ സബ്സിഡി പദ്ധതി
2. ടോയ്‌ലറ്റ് നിർമ്മാണ ധനസഹായ പദ്ധതി.
3. SCA to SCSP പദ്ധതി.
4. വിദേശ തൊഴിൽ ധനസഹായ പദ്ധതി.
5. പട്ടികജാതി സഹകരണ സംഘങ്ങൾക്കുളള ധനസഹായം.
6. സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി.
7. കോർപ്പസ് ഫണ്ടിന്റെ 1/3 തുക വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ.
8. ഗാന്ധി ഗ്രാമം പദ്ധതി.
9. 5 മുതൽ 10-ാം ക്ലാസ് വരെയുളള പട്ടികജാതി കുട്ടികൾക്ക് താമസിക്കുന്നതിന് 87 പ്രീമെട്രിക് ഹോസ്റ്റലുകളും, +1 ക്ലാസ് മുതൽ ഉയർന്ന പോസ്റ്റ് മെട്രിക് കോഴ്സുകൾ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 17 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. താമസം, ഭക്ഷണം സൗജന്യം.
10. 5-ാം ക്ലാസ് മുതൽ 12-ാംക്ലാസ് വരെയുളള നിർദ്ധനരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് താമസിച്ച് പഠനം നടത്തുന്നതിന് വകുപ്പിന്റെ കീഴിൽ ഒരു സ്പോർട്ട്സ് എം. ആർ.എസ്. ഉൾപ്പെടെ 9 എം.ആർ.എസ്. കൾ പ്രവർത്തിച്ചു വരുന്നു.
11. പി.എസ്.സി., ബാങ്ക് കോച്ചിംഗ്, എൻട്രൻസ് കോച്ചിംഗ് തുടങ്ങിയ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾപ്രവർത്തിച്ചു വരുന്നു.
12. ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ ഉന്നത മേഖലകളിൽ വിജയം കരസ്ഥമാക്കുന്നതിന് വിദഗ്ധ പരിശീലനം നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ ICSETS എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു.
13. പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ പ്രവേശനത്തിന് മുൻഗണന നൽകികൊണ്ട് പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഒരു മെഡിക്കൽ കോളേജ് പാലക്കാട് പ്രവർത്തിച്ചു വരുന്നു.
14. അയ്യങ്കാളി. ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.
15. ബുക്ക് ബാങ്ക് പദ്ധതി.
16. പ്രത്യേക പ്രോത്സാഹന സമ്മാനം.
17. വിഷൻ 2013.
18. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുളള വിദ്യാഭ്യാസ ആനുകൂല്യം (DBTS വഴി) അനുവദിക്കുന്ന പദ്ധതി.
19. പ്രീ-മെട്രിക് - ലംപ്സംഗ്രാന്റ്, സ്റ്റൈഫന്റ്.
20. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ.
21. അൺ-എയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് - റീഇംബേഴ്സ്മെന്റ്.
22. പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി.
23. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.
24. കേന്ദ്രീയ വിദ്യാലയങ്ങളിൽ പഠിക്കുന്നവർക്ക് വിദ്യാലയ വികാസ് നിധി.
25. ബി.ടെക്, എം.ടെക്, എം.സി.എ. കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ലാപ്ടോപ്പ് നൽകുന്നു.
26. എം.ബി.ബി.എസ്., ബി.ഡി.എസ്., കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സ്റ്റെതസ്കോപ്പ്.
27. എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ്., ബി.ടെക് കോഴ്സുകൾകളിലെ ഒന്നാം വർഷക്കാർക്ക് (ഒരു ലക്ഷം വരുമാന പരിധി) പ്രാരംഭ ചെലവിന് ധനഹായം അനുവദിക്കുന്ന പദ്ധതി.

28. അന്യ സംസ്ഥാന പഠനം.
29. വിദേശ പഠന ധനസഹായം.
30. സംസ്ഥാനത്ത് പോസ്റ്റ്മെട്രിക് വിദ്യാഭ്യാസം നടത്തി വരുന്ന എസ്.സി./ ഒ.ഇ.സി./ ഒ.ബി.സി./എസ്.ഇ.ബി.സി./കെ.പി.സി.ആർ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് വെബ് മുഖേന വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു.
31. പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ പരിശീലനം നൽകുകയും അവരെ വ്യവസായ രംഗത്ത് തൊഴിൽ നേടുന്നതിനും സ്വയം തൊഴിൽ ക ണ്ടെത്തുന്നതിനും പ്രാപ്തരാക്കുന്നതിലേക്ക് വകുപ്പിന് കീഴിൽ ഇടുക്കി വയനാട് ജില്ലകൾ ഒഴികെയുള്ള 12 ജില്ല കൾക്കായി 44 ഐ.ടി.ഐ. കൾ പ്രവർത്തിക്കുന്നു. ടി സ്ഥാപനങ്ങളിൽ ഇലക്ട്രോണിക്, മെക്കാനിക്ക്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, മെക്കാനിക് മോട്ടോർവെഹിക്കിൾ എന്നീ 4 ദ്വി വത്സര മെട്രിക് ട്രേഡുകളും, പെയിന്റർ ഏക വത്സര മെട്രിക് ട്രേഡിലും, സർവ്വേയർ, പ്ലംബർ, സീവിംഗ് ടെക്നോളജി എന്നീ 3 ഏകവത്സര മെട്രിക് ട്രേഡുകളിലും വെൽഡർ, കാർപെന്റർ എന്നീ 2 ഏകവത്സര നോൺ മെട്രിക് ട്രേഡുകളിലുമായി ആകെ 1828 വിദ്യാർത്ഥികൾക്ക് നിലവിൽ പരിശീലനം നൽകി വരുന്നു. ഈ സ്ഥാപനങ്ങളിലെ പ്രവേശനം 80% എസ്.സി. വിഭാഗങ്ങൾക്കും, 10% എസ്.റ്റി. വിഭാഗങ്ങൾക്കും ബാക്കി 10% ഇതര വിഭാഗങ്ങൾക്കുമായി സംവരണം ചെയ്തിരിക്കുന്നു. പരിശീലനത്തിനായി തെരെഞ്ഞെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പരിശീലനം തികച്ചും സൗജന്യമാണ്. എസ്.സി./ എസ്.റ്റി. വിഭാഗങ്ങൾക്ക് ലംപ്സംഗ്രാന്റ് ഇനത്തിൽ ഒന്നാം വർഷം 650/- രൂപയും ര ണ്ടാം വർഷം 500/- രൂപയും സ്റ്റൈഫന്റ് ഇനത്തിൽ പ്രതിമാസം 500/- രൂപയും നൽകി വരുന്നു. പരിശീലനത്തിൽ തെരഞ്ഞെടുക്കുന്ന മുഴുവൻ കുട്ടികൾക്കും വർക്ക് ഷോപ്പ് ഡ്രസ്സിനും തയ്യൽ കൂലിയും ചേർത്ത് 2900/- രൂപ വീതം നൽകി വരുന്നു. കോഴ്സിനോടനുബന്ധിച്ച് നടത്തുന്ന സ്റ്റഡി ടൂറിന് 3000/- രൂപ വീതം അലവൻസ് നൽശുന്നു. കൂടാതെ വകുപ്പിന്റെ പരിധിയിൽ പാലക്കാട് ജില്ലയിൽ വടക്കാഞ്ചേരിയിൽ 2012 മുതൽ ആരംഭിച്ച കമ്മ്യൂണിറ്റി കോളേജിൽ സി.പി.പി.എം. എന്ന സർട്ടിഫിക്കറ്റ് കോഴ്സിൽ 20 പേർക്ക് പരിശീലനം നൽകുന്നു. എസ്.എസ്.എൽ.സി./ +2 പാസ്സായവർക്ക് പ്രവേശനം നൽകുന്നു. കോഴ്സ് ദൈർഘ്യം 2 വർഷം (ഒരു വർഷം ഇൻസ്റ്റിറ്റ്യൂഷണൽ ട്രെയിനിംഗും ഒരു വർഷം ഇൻഡസ്ട്രിയൽ ട്രെയിനിംഗുമാണ് നൽകുന്നത്.)
32. ഭൂരഹിത പുരധിവാസ പദ്ധതി
33. ദുർബല വിഭാഗ പുനരധിവാസ പദ്ധതി.
34. പട്ടികജാതി വിഭാഗക്കാർ ആരാധിച്ചു വരുന്നതും അധീനതയിൽ ഉള്ളതുമായ ക്ഷേത്രങ്ങൾ/ കാവുകൾ എന്നിവ പുനരുദ്ധരിക്കുന്ന പദ്ധതി.
35. പട്ടികജാതിക്കാരുടെ കൈവശമുള്ള ശ്മശാനങ്ങൾ നവീകരിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതി.
36. വിജ്ഞാൻവാടി.
37. ഭവന നിർമ്മാണ ധനസഹായം.
38. ഭവന പുനരുദ്ധാരണ ധനസഹായം.
39. വിവാഹ ധനസഹായം.
40. ചികിത്സാ ധനസഹായം.
41. മിശ്രവിവാഹ ധനസഹായം.
42. പട്ടികജാതിയിൽപ്പെട്ട വക്കീലൻമാർക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി.
43. സംസ്ഥാന സ്ക്കൂൾ കലോത്സവത്തിൽ "എ" ഗ്രേഡ് വാങ്ങുന്നവർക്കുള്ള ധനസഹായം. (സർഗോൽസവം)
44. മാധ്യമ അവാർഡ്.
45. പട്ടികജാതിക്കാരുടെ സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം.

46. പഠന യാത്രാ പരിപാടി.

47. എസ്.എസ്.എൽ.സി., +2 കോഴ്സുകളിൽ എല്ലാ വിഷയത്തിനും എ+ വാങ്ങുന്ന വർക്കും, എഞ്ചിനീയറിംഗ് & മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ പട്ടിക ജാതിക്കാർക്കുളള സ്വർണ്ണമെഡൽ.

സെക്ഷൻ ഓഫീസർ